**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1121** **07-12-2022 - ൽ മറുപടിയ്ക്ക്**

**ആനങ്ങാടി ബീച്ചിലെ കടൽ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനായി കിഫ്ബിക്ക് നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 219 ലക്ഷം രൂപയുടെ ഡി.പി.ആർ കിഫ്ബി ഫണ്ടിലുൾ പ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കിഫ്ബിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഏറ്റെടുക്കുന്നതിൽ കിഫ്ബി തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; അത്തരത്തിൽ തടസ്സവാദം ഉന്നയിക്കപ്പെട്ടാൽ ഏത് തരത്തിൽ പദ്ധതിക്ക് അനുമതി നൽകുമെന്ന് വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 219 ലക്ഷം രൂപയുടെ ഡി.പി.ആർ കിഫ്ബി ഫണ്ടിലുൾ പ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത പദ്ധതി വേൾഡ് ബാങ്ക് ധനസഹായത്തിനായുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ലോക ബാങ്ക് ധനസഹായത്തിനായുള്ള പ്രൊപ്പോസലിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ തുടർ അനുമതിക്ക് വിധേയമായി പദ്ധതി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ